പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 969 14-10-2026-ൽ മറുപടിയ്ക്ക്

കോന്നി മെഡിക്കൽ കോളേജിൽ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കോന്നി മെഡിക്കൽ കോളേജിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കായി ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഭരണാനുമതി ലഭിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ "ആശ്വാസ് വാടക വീട് പദ്ധതി" പ്രകാരം കോന്നി മെഡിക്കൽ കോളേജിനു സമീപം ഫ്ലാറ്റ് നിർമ്മിക്കുന്നതിന്, ഒരു വർഷത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നാളിതുവരെ മെഡിക്കൽ കോളേജ് അധികൃതരിൽ നിന്ന് കൈമാറി ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഇതുവരെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുയോജ്യമായ ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽ നിന്ന് ഔദ്യോഗികമായി ഭവനനിർമ്മാണ ബോർഡിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക്, കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി, ആവശ്യമായ പുനർ ഭരണാനുമതി ലഭ്യമാക്കി പ്രവർത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ